**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2110 06.10.2016 – ൽ മറുപടിക്ക്**

# <u>ചെല്ലഞ്ചി പാലം നിർമ്മാണം</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഡി.കെ. മുരളി : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) വാമനപുരം നിയോജകമണ്ഡലത്തിൽ നിർമ്മാണം നടക്കുന്ന ചെല്ലഞ്ചി പാലത്തിനു വേണ്ടി ഭൂമി നല്കാൻ തയ്യാറായവരിൽ നിന്നും പി.ഡബ്ല്യു.ഡി. ഭൂമി വിലയ്ക്ക് വാങ്ങാൻ എടുത്ത തീരുമാനത്തിന്റെ നടപടി ക്രമങ്ങൾ ഏതുവരെയായെന്ന് വിശദമാക്കാമോ; | (എ) ചെല്ലഞ്ചി പാലത്തിനും അനുബന്ധ റോഡിനുമായി ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടിയുള്ള നിർദ്ദേശം ജില്ലാകളക്ടർക്ക് നൽകിയെങ്കിലും പൊന്നുംവില നടപടികൾ ഡിനോവ ആയ സാഹചര്യത്തിൽ 19.06.2016 – ൽ ബഹു. റവന്യൂ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ തീരുമാന പ്രകാരം പ്രസ്തുത ഭൂമി ഉടമകളിൽ നിന്ന് പൊതുമരാമത്ത് വകുപ്പ് നേരിട്ട് പർച്ചേസ് ചെയ്യുന്നതിനു തീരുമാനം എടുക്കുകയുണ്ടായി. തുടർന്ന് 25.08.2016 – ൽ ബഹു. വാമനപുരം എം. എൽ. എ – യുടെയും പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും സാന്നിദ്ധ്യത്തിൽ ജില്ലാ കളക്ടർ |

| | | | |
|---|---|---|---|
| | | | ഭൂവുടമകളുടെ യോഗം വിളിക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ഡി. എൽ. പി. സി. അംഗീകരിച്ച വിലയ്ക്ക് ഭൂമി വിട്ടുനൽകാൻ ഭൂവുടമകൾ സമ്മതപത്രം നൽകുകയുണ്ടായി. ഭൂവുടമകളുടെ ആധാരവും അനുബന്ധ രേഖകളും പൊതുമരാമത്ത് വകുപ്പിലേയ്ക്ക് സമർപ്പിക്കുന്നതിന് പ്രസ്തുത യോഗത്തിൽ ഭൂവുടമകളോട് ആവശ്യപ്പെട്ടു. പ്രസ്തുത രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് ഗവൺമെന്റ് പ്ലീഡർക്ക് നൽകി നിയമോപദേശം നേടിയ ശേഷം ആധാരം രജിസ്റ്റർ ചെയ്യുന്ന മുറയ്ക്ക് ഭൂവുടമകൾക്ക് നഷ്ടപരിഹാര തുക വിതരണം ചെയ്യാൻ കഴിയുകയുള്ളൂ. |
| (ബി) | പാലം നിർമ്മാണത്തിനായി ഭൂമി നൽകിയവർക്ക് എന്നത്തേയ്ക്ക് വില നൽകാൻ കഴിയുമെന്ന് വ്യക്ത - മാക്കാമോ? | (ബി) | നഷ്ടപരിഹാര തുക വിതരണം ചെയ്യുന്നതിലേയ്ക്കായി 180 ലക്ഷം രൂപയുടെ ലെറ്റർ ഓഫ് ക്രെഡിറ്റ് നൽകിയിട്ടുണ്ട്. ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്ന മുറയ്ക്ക് നഷ്ടപരിഹാര തുക നൽകാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ